(ഡി) സംസ്ഥാനം ഗുരുതരമായ വൈദ്യുത പ്രതിസന്ധി നേരിടുന്ന അവസ്ഥയിൽ മുല്ലപ്പെരിയാറിലെ ജലം ഉപയോഗിച്ച് തമിഴ്നാട് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയിൽനിന്നും സംസ്ഥാനത്തിന് അർഹമായ വിഹിതം നേടിയെടുക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

കണ്ടം ചെയ്യേണ്ട സർക്കാർ വാഹനങ്ങൾ

102 (1969) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉടനീളം കണ്ടം ചെയ്യേണ്ട സർക്കാർ വാഹനങ്ങൾ ഓഫീസുകൾക്ക് മുന്നിൽക്കിടന്ന് നശിച്ചുകൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; എങ്കിൽ അവ ലേലം ചെയ്യുന്നതിൽ ഉണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) ഓരോ വകുപ്പിന്റെയും കീഴിൽ കണ്ടം ചെയ്യാൻ മാറ്റിയിട്ടിട്ടുള്ള എത്ര വാഹനങ്ങൾ വീതമുണ്ടെന്നതിന്റെ കണക്ക് വെളിപ്പെടുത്തുമോ ;

(സി) ഇക്കാര്യത്തിൽ സാങ്കേതിക തടസ്സമുണ്ടെങ്കിൽ അവ നീക്കി സമയബന്ധിതമായി ലേലം ചെയ്യ സർക്കാരിലേക്ക് മുതൽക്കൂട്ടാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ചലയിടങ്ങളിൽ കണ്ടം ചെയ്യേണ്ട സർക്കാർ വാഹനങ്ങൾ ഓഫീസുകൾക്ക് മുന്നിൽക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപടിക്രമങ്ങളിലുണ്ടാകുന്ന കാലതാമസം മൂലമാണ് കണ്ടം ചെയ്യേണ്ട വാഹനങ്ങളുടെ ലേല നടപടികൾ വൈകുന്നത്.

(സി) സർക്കാർ വാഹനങ്ങൾ കണ്ടം ചെയ്യുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വകുപ്പുതലങ്ങളിൽനിന്ന് സമയബന്ധിതമായി പൂർത്തിയാക്കി അതതു ഭരണ വകുപ്പുകൾക്ക് കൈമാറുന്ന മുറയ്ക്ക് നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി യഥാസമയം വാഹനങ്ങൾ കണ്ടം ചെയ്യുന്നതിനുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly